# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 29 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## സപ്ലൈകോ ജില്ലാ ഓണം ഫെയർ ഒന്നിന് തുടങ്ങും

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ (സപ്ലൈകോ) സംഘടിപ്പിക്കുന്ന ജില്ലാ ഓണം ഫെയറിന് തൃശൂർ ശക്തൻ മൈതാനിയിലെ കൊക്കാല ഗ്രൗണ്ടിൽ സെപ്റ്റംബർ ഒന്നിന് തുടക്കമാവും. രാവിലെ പത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യും. സെപ്റ്റംബർ പത്ത് വരെയുള്ള മേളയിൽ ഭക്ഷ്യധാന്യങ്ങൾ, പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, മറ്റ് നിത്യോപയോഗ സാധനങ്ങൾ എന്നിവ പൊതുവിപണിയേക്കാൾ വിലക്കുറവിൽ ലഭിക്കും. വിവിധ സർക്കാർ ഏജൻസികൾ ഒരുക്കിയ സ്റ്റാളുകളിൽ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപനയും കൂടാതെ ഭക്ഷ്യമേളയും ഉണ്ടാവും. ചടങ്ങിൽ കോർപറേഷൻ മേയർ അജിത വിജയൻ അധ്യക്ഷയാവും. സോവനീർ പ്രകാശനം ഗവ. ചീഫ് വിപ്പ് അഡ്വ. കെ. രാജനും ആദ്യ വിൽപന ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസും നിർവഹിക്കും.

## കാൻ തൃശൂർ പദ്ധതിക്ക് തുടക്കമായി

ക്യാൻസർ മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുക, രോഗത്തെകുറിച്ച് അവബോധം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ജില്ലാ പഞ്ചായത്ത് തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന കാൻ തൃശൂർ പദ്ധതിക്ക് തുടക്കമായി. ടൗൺഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് പദ്ധതി ഉദ്ഘാടനം ചെയ്തു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അർബുദ രോഗികൾ കേരളത്തിൽ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ തൃശൂർ ജില്ലയിൽ തുടക്കം കുറിക്കുന്ന ഈ പദ്ധതി വളരെ പ്രാധാന്യം അർഹിക്കുന്നുണ്ടെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ് പറഞ്ഞു. കാൻസറിന്റെ ലക്ഷണങ്ങളുള്ള വ്യക്തികളെ മുൻകൂട്ടി കണ്ടെത്തി രോഗ നിർണയം ത്വരിതഗതിയിലാക്കി ചികിത്സ ഉറപ്പാക്കുക, രോഗപ്രതിരോധ പ്രവർത്തനങ്ങളും പാലിയേറ്റീവ് കെയർ പ്രവൃത്തികളും ശക്തിപ്പെടുത്തുക, ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ പരിശോധന സൗകര്യവും ചികിത്സാ സൗകര്യവും ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്ക്രീനിങ് ക്യാമ്പുകൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പരിശോധന ആവശ്യമുള്ളവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നടത്തുമെന്നും അവർ പറഞ്ഞു.

പദ്ധതിക്കായി 2019-2020, 2020-21 സാമ്പത്തിക വർഷങ്ങളിൽ ഒരു കോടി 29 ലക്ഷം രൂപയുടെ ധനസഹായമാണ് വകയിരുത്തിയത്. ജില്ലാ പഞ്ചായത്തിന്റെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന സംയുക്ത ക്യാൻസർ നിയന്ത്രണ പരിപാടിയാണിത്. പദ്ധതിയുടെ ജില്ലാതല പരിശീലനം പൂർത്തിയായി. പരിശീലനം ലഭിച്ച ആശാപ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ എന്നിവർ ഓരോ വീട്ടിലും എത്തി രോഗസ്ഥിരീകരണം ആവശ്യമുള്ളവരെ കണ്ടെത്തി ക്യാമ്പിലേക്ക് എത്തുവാൻ നിർദ്ദേശിക്കുന്നു. ക്യാമ്പിൽ വെച്ച് അർബുദരോഗ ലക്ഷണങ്ങൾ കണ്ടാൽ രണ്ടാംഘട്ട പരിശോധനക്ക് അയക്കുന്നു. ഈ ഘട്ടത്തിൽ മാമോഗ്രാം, ബയോപ്സി, സ്കാനിങ്, എക്സറേ, എഫ്എൻഎസി, പാപ്സ് മിയർ ടെസ്റ്റുകൾ, മറ്റു അനുബന്ധ പരിശോധനകൾ എന്നിവ വിവിധ സ്വകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ സൗജന്യമായി ചെയ്തു കൊടുക്കുന്നു. 2019 നവംബർ മാസത്തോടെ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിക്കും. ജില്ലാ ജനറൽ ആശുപത്രിയിൽ ക്യാൻസർ രോഗിചികിത്സക്കുള്ള കൊബാൾട്ട് യൂണിറ്റ് ഉൾപ്പെടെയുള്ള ചികിത്സ സൗകര്യവും പദ്ധതി ഉറപ്പാക്കുന്നു.

വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശൻ അദ്ധ്യക്ഷത വഹിച്ചു. കോർപ്പറേഷൻ മേയർ അജിത വിജയൻ, സംഗീത നാടക അക്കാദമി ചെയർപേഴ്സൺ കെപിഎസി ലളിത എന്നിവർ

വിശിഷ്ടാതിഥികളായി. ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മഞ്ജുള അരുണൻ, ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ പത്മിനി ടീച്ചർ എന്നിവർ സംസാരിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ ജെ റീന പദ്ധതി വിശദീകരിച്ചു. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ടി വി സതീശൻ സന്ദേശം നൽകി.

## ശരണ്യപദ്ധതി: 130 അപേക്ഷകൾ അംഗീകരിച്ചു

അശരണരായ വനിതകൾക്ക് വഴികാട്ടിയായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കുന്ന ശരണ്യ സ്വയംതൊഴിൽ പദ്ധതി പ്രകാരം നൽകിയ 130 അപേക്ഷകൾ അംഗീകരിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കൻമാരുള്ള വനിതകൾ എന്നിവർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക. ജില്ലയിൽ വിവിധ താലൂക്കുകളിൽ നിന്നും ലഭിച്ച 135 അപേക്ഷകളാണ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ നേതൃത്വത്തിൽ പരിഗണിച്ചത്. ഇതിൽ 130 ഗുണഭോക്താക്കൾ വന്നതിൽ എല്ലാവരുടെയും അപേക്ഷകൾക്ക് അംഗീകാരമായി.

തലപ്പിള്ളി താലൂക്കിലായിരുന്നു ഏറ്റവും കൂടുതൽ അപേക്ഷകൾ അംഗീകരിച്ചത്-32. മുകുന്ദപുരം താലൂക്കിൽ 22, ചാവക്കാട് 24, കൊടുങ്ങല്ലൂർ 16, ചാലക്കുടി 11, തൃശൂർ 25 എന്നിങ്ങനെയാണ് അംഗീകരിച്ച അപേക്ഷകരുടെ എണ്ണം. അപേക്ഷകർ വായ്പതുകയുടെ 50 ശതമാനം തുക തിരിച്ചടച്ചാൽ മതി. ശരണ്യ പദ്ധതികൾ പുറമേ, കെസ്റു, മൾട്ടിപർപ്പസ് ജോബ് ക്ലബുകൾ, കൈവല്യ തുടങ്ങിയ പദ്ധതികളിലൂടെയും വായ്പകൾ ലഭ്യമാണ്. 30 വയസ്സ് മുതൽ 55 വയസ്സ് വരെയുള്ള വനിതകളെയാണ് ഈ പദ്ധതികളിലൂടെ പരിഗണിക്കുന്നത്. ജില്ലയിലെ ദേശസാൽകൃത ബാങ്കുകൾ, സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ, റീജ്യണൽ റൂറൽ ബാങ്കുകൾ, സിഡ്ബി എന്നിവ മുഖേനയാണ് ഈ പദ്ധതി വായ്പ ലഭ്യമാക്കുന്നത്. ജോയ് ക്ലബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. ഈ തുകയ്ക്ക് 25 ശതമാനം ആണ് സബ്സിഡി ലഭിക്കുക. സ്വയം തൊഴിൽ പദ്ധതികളുടെ സൗജന്യ അപേക്ഷഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും അടുത്തുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ എക്സചേഞ്ചിലെ സ്വയം തൊഴിൽ വിഭാഗവുമായോ ബന്ധപ്പെടാം എന്നും അധികൃതർ അറിയിച്ചു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എ എസ് അലാവുദ്ദീൻ, സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർ ശശികുമാർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ ജൂനിയർ സൂപ്രണ്ട് ഇ വി ഷേർളി തുടങ്ങിയവർ പങ്കെടുത്തു.

## ബോധവൽക്കരണ പരിപാടി ഇന്ന് (ആഗസ്റ്റ് 30)

ഭക്ഷ്യകമ്മീഷന്റെ ജില്ലാതല ബോധവൽക്കരണ പരിപാടി ഇന്ന് (ആഗസ്റ്റ് 30) രാവിലെ 10.30 മുതൽ ഒരു മണിവരെ കളക്ടറേറ്റ് കേൺഫറൻസ് ഹാളിൽ ചേരും. ഭക്ഷ്യകമ്മീഷൻ ചെയർമാൻ, കമ്മീഷൻ അംഗങ്ങൾ, എഡിഎം, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നൂൺമീൽ ഓഫീസർമാർ, വനിതാശിശു വികസന വകുപ്പിലെ ജില്ലാ പ്രോഗ്രാം ഓഫീസർ, ഐസിഡിഎസ് സൂപ്പർവൈസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, സപ്ലൈകോ അസിസ്റ്റന്റ് മാനേജർമാർ എന്നിവർ പങ്കെടുക്കും.

## നോർക്ക അറ്റസ്റ്റേഷൻ

നോർക്ക അറ്റസ്റ്റേഷൻ ക്യാമ്പ് ആഗസ്റ്റ് 30 രാവിലെ 9.30 മുതൽ ഉച്ച ഒരു മണി വരെ തൃശൂർ ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കും. അപേക്ഷകർ ഓൺലൈനായി http://202.88.244.146:8084/norka എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യണം. എസ്എസ്എൽസി എല്ലാ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും ഹാജരാകണം. എച്ച്ആർഡി ചെയ്യുവാൻ റജിസ്ട്രേഷൻ ഫീസായി 714 രൂപ ഓരോ സർട്ടിഫിക്കറ്റിനും 75 രൂപയും അടക്കണം. കുവൈറ്റ്, യുഎഇ, ഖത്തർ, ബഹ്റിൻ എംബസികളുടെ അറ്റസ്റ്റേഷൻ യുഎഇ 3750 രൂപ, കുവൈറ്റ് 1250 രൂപ, ഖത്തർ 3000 രൂപ,

ബഹ്റിൻ 2750 രൂപ, അപോസ്റ്റിൽ 50 രൂപ എന്നിങ്ങനെയാണ് നിരക്കുകൾ. അപേക്ഷകന് പകരം ഒരേ അഡ്രസ്സിലുള്ള നോമിനിക്ക് ഫോട്ടോ ഐഡി പ്രൂഫുമായി ഹാജരായി അറ്റസ്റ്റേഷൻ ചെയ്യാം. ഫോൺ: 0484-2371810, 2360707.

## ജില്ലാ ഹോമിയോ ആശുപത്രിയിൽ വിവിധ ക്ലിനിക്കുകൾ

തൃശൂർ ജില്ലയിൽ ഹോമിയോ ആശുപത്രിയിൽ വിവിധ ക്ലിനിക്കുകൾ യഥാക്രമം പ്രവർത്തിക്കുന്നു. തിങ്കൾ-വൃക്ക, മൂത്രാശയ രോഗങ്ങൾ, ചൊവ്വ-പെയിൻ ആൻഡ് പാലിയേറ്റീവ്, കിടപ്പുരോഗികൾക്കുള്ള സേവനം, ബുധൻ-മൈഗ്രേൻ ക്ലിനിക്ക്, വ്യാഴം, വെള്ളി-തൈറോയ്ഡ് ക്ലിനിക്ക്, ശനി -ഓട്ടിസം ക്ലിനിക്ക്. ഫോൺ: 0487-2389063.

## അധ്യാപകസംഗമം നടത്തി

ജില്ലാ പഞ്ചായത്ത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഷീ-പാഡ് പദ്ധതിയുടെ ഭാഗമായി അധ്യാപകസംഗമവും സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റിലെ അംഗങ്ങൾക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണവും നടത്തി. ജില്ലാ ആസൂത്രണഭവൻ ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ പത്മിനി ടീച്ചർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ്, വികസന കാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ജെന്നി ടീച്ചർ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഷീല വിജയകുമാർ, ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർപേഴ്സൺ മഞ്ജുള അരുണൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ലോഹിതാക്ഷൻ, ദീപ, അഡ്വ. ജയന്തി സുരേന്ദ്രൻ, ജില്ലാ വനിതാ ക്ഷേമ ഓഫീസർ എം മിനി, ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ പി സി ബാലഗോപാൽ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ സംസാരിച്ചു.

## റാങ്ക് പട്ടിക റദ്ദായി

തൃശൂർ ജില്ലയിൽ ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് രണ്ട് (കാറ്റഗറി നമ്പർ 504/12) തസ്തികയിലേക്കായി 2016 ജൂൺ 21 ന് പ്രാബല്യത്തിൽ വന്ന റാങ്ക് പട്ടിക നിശ്ചിത കാലാവധി പൂർത്തിയായതിനെ തുടർന്ന് 2019 ജൂൺ 20 അർദ്ധരാത്രി മുതൽ റദ്ദായതായി പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

## പിഎസ്സി അഭിമുഖം

തൃശൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ യുപി സ്കൂൾ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 386/2014) തസ്തികളിലേക്ക് 2019 ഏപ്രിൽ രണ്ടിന് പ്രസിദ്ധീകരിച്ച ചുരുക്കപട്ടികയിൽ ഉൾപ്പെട്ട അർഹരായ ഉദ്യോഗാർത്ഥിക്കുള്ള അഭിമുഖം ആഗസ്റ്റ് 30 ന് തിരുവനന്തപുരം പിഎസ്സി മുഖ്യാകാര്യാലയത്തിൽ നടക്കും. ഉദ്യോഗാർത്ഥികൾക്ക് എസ്എംഎസ്, പ്രൊഫൈൽ മെസ്സേജ് എന്നിവ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് നിശ്ചിത സമയത്തും സ്ഥലത്തും ഹാജരാകണമെന്ന് പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

## പ്രഭാത ഭക്ഷണം പദ്ധതി ആരംഭിച്ചു

വലപ്പാട് പഞ്ചായത്തിൽ സ്കൂളുകളിലെ പ്രഭാത ഭക്ഷണം പദ്ധതി ഉദ്ഘാടനം ചെയ്തു. 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രഭാതഭക്ഷണത്തിനു 2.5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിലവിൽ ഒരു എൽപി സ്കൂളിനാണ് പ്രഭാത ഭക്ഷണം നൽകുന്നത്. പഞ്ചായത്ത് പരിധിയിലുള്ള മൂന്ന് സ്കൂളുകളെക്കൂടി അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തും. പദ്ധതിയുടെ ഉദ്ഘാടനം ജിഎഫ്എൽപി സ്കൂളിൽ പഞ്ചായത്ത് പ്രസിഡന്റ് ഇ കെ തോമസ് മാസ്റ്റർ നിർവഹിച്ചു. വാർഡ് മെമ്പർ ബിന്ദു രാജൻ അധ്യക്ഷയായി. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ കെ എം അബ്ദുൽ മജീദ്, പി എസ് ഷിജിത്, മെമ്പർമാരായ കുട്ടൻ, ഐ വി സുന്ദരൻ, സ്കൂൾ പ്രധാനധ്യാപിക കെ പി രജനി, സ്റ്റാഫ് സെക്രട്ടറി ടി വി ചിത്രകുമാർ എന്നിവർ സംസാരിച്ചു.

## പടിയൂർ മഴുവഞ്ചേരി തുരുത്ത് റോഡിന്റെ നിർമ്മാണോദ്ഘാടനം നിർവഹിച്ചു

ഇരിങ്ങാലക്കുട പടിയൂർ പഞ്ചായത്ത് ഒമ്പതാം വാർഡിലെ മഴുവഞ്ചേരി തുരുത്ത് റോഡിന്റെ നിർമ്മാണം ആരംഭിച്ചു. യാത്രാക്ലേശം രൂക്ഷമായ പ്രദേശത്ത് റോഡ് നിർമ്മിക്കണമെന്ന ജനങ്ങളുടെ ആവശ്യത്തിനാണ് ഇതോടെ അറുതിയാവുക. എംഎൽഎ ഫണ്ടിൽ നിന്ന് അനുവദിച്ച 50 ലക്ഷം രൂപ ചെലവിട്ടാണ് റോഡ് നിർമ്മാണം. നിർമ്മാണോദ്ഘാടനം കെ.യു അരുണൻ എംഎൽഎ നിർവഹിച്ചു. പടിയൂർ പഞ്ചായത്ത് പ്രസിഡണ്ട് സി.എസ് സുധൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം വാസു, പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ കെ.സി.ബിജു, സംഗീത സുരേഷ് എന്നിവർ ആശംസ നേർന്നു. വാർഡ് മെമ്പർ സി.എസ് ശിവദാസൻ സ്വാഗതവും സുനിത മനോജ് നന്ദിയും പറഞ്ഞു.

## ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു

തളിക്കുളത്തെ കായിക പ്രേമികളുടെ ദീർഘകാലത്തെ ആവശ്യമായിരുന്ന തളിക്കുളം ഹൈസ്കൂൾ ഗ്രൗണ്ടിലെ ഹൈമാസ്റ്റ് യാഥാർത്ഥ്യമായി. ഗീത ഗോപി എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 13.5 ലക്ഷം രൂപ ഉപയോഗിച്ച് തളിക്കുളം ഗ്രാമപഞ്ചായത്തിലെ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട്, നമ്പിക്കടവ് എന്നിവിടങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു. ഗീത ഗോപി എംഎൽഎ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി ഐ സജിത അധ്യക്ഷയായി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇ പി ശശികുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ഇ പി കെ സുഭാഷിതൻ, കെ കെ രജനി, സന്ധ്യ രാമകൃഷ്ണൻ, മെമ്പർ പി എ ഷിഹാബ് എന്നിവർ സംസാരിച്ചു. വൈസ് പ്രസിഡന്റ് എം കെ ബാബു സ്വാഗതവും പഞ്ചായത്ത് സെക്രട്ടറി എ ആർ ഉൻമേഷ് നന്ദിയും പറഞ്ഞു.

## പുലിക്കളി മഹോത്സവം 2019

ഈ വർഷത്തെ പുലിക്കളി മഹോത്സവം സെപ്റ്റംബർ 14 ശനിയാഴ്ച്ച നടത്താൻ തീരുമാനിച്ചു. തൃശൂർ കോർപ്പറേഷൻ മേയർ ശ്രീമതി അജിത വിജയൻ ചെയർപേഴ്സൺ ആയും അനൂപ് ഡേവിസ് കാട ജനറൽ കൺവീനറുമായി സംഘാടകസമിതി രൂപീകരിച്ചു. വർക്കിംഗ് ചെയർപേഴ്സൺ ആയി എം എൽ റോസി, കൺവീനർമാരായി ടി ആർ സന്തോഷ്, വി രാവുണ്ണി, ശാന്ത അപ്പു, ഷീബ ബാബു, ജോൺ ഡാനിയേൽ, ജോയിന്റ് കൺവീനർമാരായി പ്രേമകുമാരൻ, കെ. മഹേഷ്, സതീഷ് ചന്ദ്രൻ, ബൈജു കെ.വി., സുനിത വിനോദ്, ജയ മുത്തിപ്പീടിക എന്നിവരെ തെരഞ്ഞെടുത്തു.

## വാക്ക്-ഇൻ-ഇന്റർവ്യൂ

ചാലക്കുടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കരാർ അടിസ്ഥാനത്തിൽ ഈ അദ്ധ്യയന വർഷം ലൈബ്രേറിയനെ നിയമിക്കുന്നതിന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ലൈബ്രറി സയൻസിൽ ബിരുദവും കമ്പ്യൂട്ടറൈസഡ് ലൈബ്രറികളിൽ മൂന്ന് വർഷത്തെ പ്രവൃത്തിപരിചയവു മാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, ജാതി യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളി യിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ് സഹിതം സെപ്റ്റംബർ നാല് രാവിലെ 10.30 ന് അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2706100.

## മാധ്യമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം സി-ഡിറ്റിൽ ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ, വെബ് ഡിസൈൻ ആൻഡ് ഡവലപ്പ്മെന്റ്, നോൺ ലീനിയർ എഡിറ്റിങ്, ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി എന്നീ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 0471-2721917, 8547720167.

## എസ് എൻ പുരം സപ്ലൈകോ സൂപ്പർ മാർക്കറ്റ് ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 30)

കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ എസ്.എൻ. പുരം സെന്ററിന് സമീപമുള്ള മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റായി ഉയർത്തുന്നു. ഇതിന്റെ ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 30) വൈകുന്നേരം 5 ന് എസ്.എൻ പുരം രാജസുധ കോംപ്ലക്സിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി പി. തിലോത്തമൻ നിർവ്വഹിക്കും. കയ്പമംഗലം നിയോജകമണ്ഡലം എംഎൽഎ ഇ.ടി. ടൈസൺ മാസ്റ്റർ അധ്യക്ഷത വഹിക്കും. ബെന്നി ബഹനാൻ എംപി മുഖ്യാതിഥിയാകും. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.അബീദലി മുഖ്യപ്രഭാഷണവും ശ്രീനാരായണപുരം പഞ്ചായത്ത് പ്രസിഡന്റ് ഇ.കെ. മല്ലിക ആദ്യവില്പനയും നിർവഹിക്കും.

## മുറ്റത്തെ മുല്ല പദ്ധതി ഉദ്ഘാടനം ചെയ്തു

മുരിയാട് സർവീസ് സഹകരണ ബാങ്കും കുടുംബശ്രീ ജില്ലാ മിഷനും സംയുക്തമായി മുരിയാട് ഗ്രാമപഞ്ചായത്തിൽ മുറ്റത്തെ മുല്ല പദ്ധതി നടപ്പിലാക്കി. പ്രൊഫ കെ യു അരുണൻ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്തു. മൈക്രോ ഫിനാൻസ് തട്ടിപ്പിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനായി സഹകരണവകുപ്പ് കുടുംബശ്രീയുമായി സഹകരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഓരോ കുടുംബശ്രീ യൂണിറ്റിനും പത്തു ലക്ഷം രൂപവീതം ധനസഹായം നൽകും. ആയിരം മുതൽ 25000 രൂപ വരെ പന്ത്രണ്ട് ശതമാനം പലിശ നിരക്കിൽ ഉപഭോക്താക്കൾക്ക് വായ്പ കൊടുക്കും. കുടുംബശ്രീ അംഗങ്ങൾക്കും അല്ലാത്തവർക്കും സഹായം ലഭിക്കും. ചടങ്ങിൽ സഹകരണ ബാങ്ക് പ്രസിഡന്റ് എം ബി രാഘവൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. മുരിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സരള വിക്രമൻ മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് അംഗം ടി ജി ശങ്കര നാരായണൻ, മുകുന്ദപുരം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ എം സി അജിത് കുമാർ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് നളിനി ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. ബാങ്ക് വൈസ് പ്രസിഡന്റ് എ എം തിലകൻ സ്വാഗതവും ഡയറക്ടർ ടി കെ ദേവരാജൻ നന്ദിയും പറഞ്ഞു.

## ക്വട്ടേഷൻ

മണ്ണുത്തി സംസ്ഥാന ബയോ കൺട്രോൾ ലാബിൽ മാലിന്യ നിർമാർജന പ്ലാന്റ് സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 31 രാവിലെ 11.30. ഫോൺ: 0487-2374605.

## കൊടുങ്ങല്ലൂർ നഗരസഭയിൽ മാട്രിമോണിയൽ രജിസ്ട്രേഷൻ ആരംഭിച്ചു

കൊടുങ്ങല്ലൂർ നഗരസഭയിലെ കുടുംബശ്രീ സി.ഡി.എസ് ഒന്നിൽ മാട്രിമോണിയൽ രജിസ്ട്രേഷൻ ആരംഭിച്ചു. നഗരസഭ ചെയർമാൻ കെആർ.ജൈത്രൻ ഉദ്ഘാടനം ചെയ്തു. സിഡിഎസ് ചെയർപേഴ്സൺ ശ്രീദേവി തിലകൻ അദ്ധ്യക്ഷത വഹിച്ചു. നഗരസഭ പ്രദേശത്ത് താമസിക്കുന്ന വിവാഹ പ്രായമായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മാട്രിമോണിയലിൽ പേര് രജിസ്ററർ ചെയ്യാം. പെൺകുട്ടികൾക്ക് രജിസ്ട്രേഷൻ ഫീസ് സൗജന്യമാണ്. ആൺകുട്ടികൾക്ക് എസ്എസ്എൽസി വരെ പഠിച്ചവർക്ക് 500 രൂപയും അതിന് മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് 1000 രൂപയും രജിസ്ട്രേഷൻ സമയത്ത് നൽകണം. കൂടുതൽ വിവരങ്ങൾക്ക് നഗരസഭയിലെ സിഡിഎസ് ഭാരവാഹികളുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9645351177.

## കൊടുങ്ങല്ലൂരിൽ നികുതി അടവ് എളുപ്പമാക്കാൻ ഇനി പിഒഎസ് സംവിധാനം

കൊടുങ്ങല്ലൂർ നഗരസഭയിൽ നികുതി പിരിവ് എളുപ്പവും കാര്യക്ഷമവുമാക്കുന്നതിനായി ഇനി മുതൽ പി.ഒ.എസ് സംവിധാനം. എ.ടി.എം / ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ചു നികുതി അടയ്ക്കുന്നതിനുള്ള നൂതന സംവിധാനമാണിത്. നികുതിപിരിവിനായി നഗരസഭയിലെ ജീവനക്കാർ വീടുകളിലും സ്ഥാപനങ്ങളിലും എത്തുമ്പോൾ അവരുടെ കൈവശം പി.ഒ.എസ് മെഷീനുകളും ഉണ്ടാകും. നികുതി അടക്കാൻ പണം കൈവശം ഇല്ലെങ്കിലും ഡെബിറ്റ് കാർഡോ

ക്രെഡിറ്റ് കാർഡോ ഉണ്ടെങ്കിൽ അതുപയോഗിച്ച് ഈ സംവിധാനം വഴി സൈ്വപ്പ് ചെയ്തു നികുതിദായകർക്ക് നികുതി അടക്കാം. നഗരസഭ ഓഫീസിലും മേത്തല സോണൽ ഓഫീസിലും ഇപ്രകാരം നികുതി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും. എച്ച്ഡിഎഫ്സി ബാങ്കുമായി സഹകരിച്ചാണ് കൊടുങ്ങല്ലൂർ നഗരസഭയിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നത്. ഇതിനോടൊപ്പം ഓൺലൈനായി പണം അടയ്ക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്. നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ വസ്തു നികുതി ഡെബിറ്റ് കാർഡുപയോഗിച്ച് അടച്ചു കൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. വൈസ് ചെയർപേഴ്സൺ ഹണി പീതാംബരൻ അദ്ധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ പി.എൻ.രാമദാസ്, സി.കെ രാമനാഥൻ, വി.ജി.ഉണ്ണികൃഷ്ണൻ, സെക്രട്ടറി ടി.കെ.സുജിത്, എച്ച്.ഡി.എഫ്.സി.ബാങ്ക് മാനേജർ പ്രസാദ് ആന്റണി എന്നിവർ പങ്കെടുത്തു.

## കോളനിയിൽ റോഡ് കോൺക്രീറ്റിങ്ങ് ആരംഭിച്ചു

കടവല്ലൂർ പഞ്ചായത്തിലെ കോട്ടോൽ എപ്പന്നിയിൽ കോളനിയുടെ സമഗ്ര വികസനത്തിന് ജില്ലാ പഞ്ചായത്ത് അനുവദിച്ച 10 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി കോളനിയിലേക്കുള്ള റോഡിന്റെ കോൺക്രീറ്റിങ് ആരംഭിച്ചു. കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളാണ് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു നടത്തുന്നത്. ജില്ലാ പഞ്ചായത്തംഗം കെ ജയശങ്കർ, കടവല്ലൂർ ഗ്രാമപഞ്ചായത്തംഗം ജമാൽ കോട്ടോൽ, എൻജിനീയർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ കോളനിയിലെത്തി നിർമാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി.

## ട്രാൻസ്ജെൻഡർ ക്ഷേമം:<br>ത്രിദിന ബോധവൽക്രണപരിപാടിക്ക് തുടക്കമായി

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ട്രാൻസ്ജെൻഡർ ക്ഷേമപദ്ധതികളുടെ ബോധവൽക്കരണ പരിപാടിക്ക് ജില്ലയിൽ തുടക്കമായി. ത്രിദിന ക്യാമ്പ് ചെമ്പൂക്കാവ് ജവഹർ ബാലഭവൻ ഹാളിൽ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ റാഫി പി ജോസ് ഉദ്ഘാടനം ചെയ്തു. ട്രാൻസ്ജെൻഡർ ക്ഷേമ പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, അധ്യാപകർ, മാധ്യമപ്രവർത്തകർ എന്നിവർക്കുള്ള ബോധവൽക്കരണ പരിപാടിയാണിത്. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശൻ അദ്ധ്യക്ഷത വഹിച്ചു. ട്രാൻസ്ജെൻഡർ പ്രതിനിധി വിജയരാജ മല്ലിക ട്രാൻസ്ജെൻഡർ നയം, കമ്മ്യൂണിറ്റി നേരിടുന്ന പ്രശ്നങ്ങൾ, വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ പത്മിനി ടീച്ചർ, സാമൂഹ്യ പ്രവർത്തക ലില്ലി തോമസ് പാലോക്കാരൻ, കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് കെ ജി ജയേഷ്, ഡിഎൽഎസ്എ അംഗം അഡ്വ. കെ കെ പാരിജാഷൻ, ട്രാൻസ്ജെൻഡർ പ്രതിനിധി അഖിൽ, ജില്ലാ സാമൂഹ്യനീതി ഓഫീസർ കെ ആർ പ്രദീപൻ എന്നിവർ സംസാരിച്ചു.

## ഓണാഘോഷം വാനോളം

ഓണാഘോഷത്തിന്റെ ഭാഗമായി തളിക്കുളം സ്നേഹതീരത്തു ഹെലികോപ്റ്ററിൽ ആകാശയാത്ര സംഘടിപ്പിക്കും. സെപ്റ്റംബർ 10 മുതൽ 13 വരെയാണ് ഹെലികോപ്റ്റർ യാത്ര സംഘടിപ്പിക്കുന്നതെന്നു ഗീതാഗോപി എംഎൽഎ അറിയിച്ചു. ജില്ലയിലെ ഓണാഘോഷത്തിന്റെ ഭാഗമായി തെരെഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ സ്നേഹതീരത്തു ചിപ്സാൻ ഏവിയേഷന്റെ നേതൃത്വത്തിലാണ് ഹെലികോപ്റ്റർ യാത്ര സംഘടിപ്പിക്കുന്നത്. നാട്ടിക എസ് എൻ കോളേജ് ഗ്രൗണ്ടിൽ ഒരുക്കുന്ന ഹെലിപാഡിൽ നിന്നും സ്നേഹതീരം ബീച്ച്, ഗുരുവായൂർ ക്ഷേത്രം, ചേറ്റുവ അഴിമുഖം, അതിരപ്പിള്ളി വെള്ളച്ചാട്ടം, എന്നീ സ്ഥലങ്ങളിലേക്ക് മൂന്നു പാക്കേജുകളായാണ് യാത്ര ഒരുക്കുന്നത്. ഓരോ പാക്കേജുകൾക്കും വ്യത്യസ്ത നിരക്കിലുള്ള ഫീസ് ഈടാക്കും. സ്നേഹതീരത്തു മൂന്ന് ദിവസങ്ങളിലായി നടക്കുന്ന

ഓണാഘോഷത്തിൽ വിവിധ പരിപാടികളും അരങ്ങേറും. വാർത്താസമ്മേളനത്തിൽ ചിപ്സാൻ ഡയറക്ടർ അനിൽ നാരായണൻ, തളിക്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി ഐ സജിത, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളായ ഹീലുംമുംബ, സജിന പർവിൻ എന്നിവരും പങ്കെടുത്തു.

## തേക്ക് തടി ചില്ലറ വിൽപന

പുനലൂർ വനം ഡിവിഷന്റെ കീഴിലുള്ള കടയ്ക്കാമൺ, അരീക്കക്കാവ് തടി ഡിപ്പോകളിൽ നിന്ന് ഗാർഹികാവശ്യങ്ങൾക്കായി സെപ്തംബർ അഞ്ച് മുതൽ തേക്കുതടികളുടെ ചില്ലറ വിൽപ്പന ആരംഭിക്കും. വീട് നിർമ്മിക്കുന്നതിനായി അംഗീകരിച്ച പ്ലാൻ, അനുമതി, സ്കെച്ച് എന്നിവയുടെ പകർപ്പും അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പും തിരിച്ചറിയൽ കാർഡുമായി എത്തിയാൽ സെപ്തംബർ അഞ്ച് മുതൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെ ഡിപ്പോകളിൽ നിന്നും 5 ക്യു.മീറ്റർ വരെ തേക്കുതടി നേരിട്ടു വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് കടയ്ക്കാമൺ തടി ഡിപ്പോ ( ഫോൺ 94462 64613) അരീക്കക്കാവ് തടി ഡിപ്പോ (ഫോൺ 8547600535, 0473 5374010), പുനലൂർ ടിമ്പർ സെയിൽസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഫോൺ നമ്പർ 0475-2222617)എന്നീ നമ്പരുകളിൽ ബന്ധപ്പെടാം.